കെ.എസ്.എ-കെ.ടി.എം.പി8/320/2019 തീയതി : 20.04.2019

# കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.17 മുതൽ 31.03.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.03.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.03.2019 മുതൽ 28.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.രാധാകൃഷ്ണൻ എം.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.ജി.മോഹനൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.സുനിൽ എസ്. | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ധന്യ ജനാർദ്ദനൻ | 01.04.2017 മുതൽ 08.11.2017 വരെ |
| | ശ്രീ.അരുൺ വി. | 09.11.2017 മുതൽ 28.01.2018 വരെ |
| | ശ്രീ.രോഹിത് ആർ. | 29.01.2018 മുതൽ 03.03.2018 വരെ |
| | ശ്രീമതി ബീന രഘുനാഥ് | 05.03.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി റാണി തണ്ടാർ | 01.04.2017 മുതൽ 15.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ.ആർ.രമേഷ് ബാബു | 17.06.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.പ്രദീപ്കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പത്മകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീമതി ചിഞ്ചു ദിനേശ് | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി ഷീന കെ.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രേണു ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.കെ.മോളി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശോഭന എ.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജോഷി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി-അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് ബാലൻസ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-2 | കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകുന്നു |
| 2-3 | മൊബൈൽ ടവറിന് കുറഞ്ഞ മേൽക്കൂരയ്ക്കുള്ള നികുതി ഇളവ് നൽകി |
| 2-4 | ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തില്ല |

| | |
|---|---|
| 2-5 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർക്കുന്നില്ല |
| 2-6 | ലേലകുടിശ്ശിക നാളിതുവരെ അടവാക്കിയിട്ടില്ല |
| 2-7 | വാടക-കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| 2-8 | ഡി & ഒ ലൈസൻസ് നൽകിയിട്ടില്ല |
| 2-9 | ഇ-ടെൻഡർ-ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | മരാമത്ത് പ്രവൃത്തി-ഫൈൻ ഈടാക്കിയില്ല |
| 3-2 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-അപാകത |
| 3-3 | വിവിധ വാർഡുകളിൽ എൽ.റ്റി.സിംഗിൾ ഫെയ്സ് ലൈൻ നീട്ടൽ-കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല, പണി പൂർത്തീകരിച്ചിട്ടില്ല |
| 3-4 | വിനിയോഗ വിവരം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | കന്നുകുട്ടി പരിപാലനം(വനിത)-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| 3-6 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച പ്രോജക്ടുകൾ-മാർഗ്ഗനിർദ്ദേശം പാലിച്ചില്ല |
| 3-7 | ആശ്രയ പദ്ധതി-തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

| | |
|---|---|
| | |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 3,17,20,604.10 | 1,75,22,736.05 | | 1,41,97,867.95 |
| വരവ് | 17,57,72,140 | 6,21,84,977 | | 11,35,87,163 |
| ആകെ | 20,74,92,744.10 | 7,97,07,713.05 | | 12,77,85,031.05 |
| ചെലവ് | 20,31,62,220 | 6,14,07,628 | | 14,17,54,592 |
| നീക്കിയിരിപ്പ് | 43,30,524.10 | 1,83,00,085.05 | 1,39,69,560.95 | |

ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയേറെ അന്തരമുണ്ടെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പ് പ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 31.05.2018-ലെ 2-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 18.06.2018 ലെ എ1-18/18 നം. കത്ത് പ്രകാരം 20.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 27.06.2018, 28.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 03.07.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി8-1286/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,75,22,736.05 |
| വരവ് | 6,21,84,977 |
| ആകെ | 7,97,07,713.05 |
| ചെലവ് | 6,14,07,628 |
| നീക്കിയിരിപ്പ് | 1,83,00,085.05 |

## 1-5 ഫണ്ട് വിനിയോഗം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 1,29,58,000 | 1,29,58,000 | 1,27,25,523 | 2,32,477 | 98.2 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 61,86,220 | 61,86,220 | 45,11,423 | 16,74,797 | 72.92 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 2,48,899 | 2,48,899 | 70,645 | 1,78,254 | 28.38 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 86,27,000 | 86,27,000 | 69,06,715 | 17,20,285 | 80.05 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 30,77,000 | 30,77,000 | 21,28,406 | 9,48,594 | 69.17 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 60,85,927 | 60,85,927 | 59,63,221 | 1,22,706 | 97.98 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 12,81,049 | 12,81,049 | 9,42,763 | 3,38,286 | 73.59 |
| തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) | 48,578.5 | 5,63,006 | 6,11,584 | 5,41,941 | 69,643.5 | 88.61 |
| ട്രഷറി ടി.എസ്.ബി (തനതുഫണ്ട്) | 24,94,073 | 80,54,000 | 1,05,48,073 | 89,88,732 | 15,59,341 | 85.21 |
| ബി ഫണ്ട് | 0 | 3,35,63,860 | 3,35,63,860 | 3,35,63,860 | 0 | 100 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക്പഞ്ചായത്ത്) | 850 | 7,84,750 | 7,85,600 | 7,84,750 | 850 | 99.89 |
| നിർമ്മൽ പുരസ്കാർ | 0 | 2,50,000 | 2,50,000 | 0 | 2,50,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.സി. | 14,64,000 | 6,54,797 | 21,18,797 | 5,68,200 | 15,50,597 | 26.81 |
| ഐ.സി.ഡി.എസ്. | 4,63,747 | 6,65,740 | 11,29,487 | 4,00,000 | 7,29,487 | 35.41 |
| ഗുണഭോക്തൃവിഹിതം | 4,57,691 | 1,12,750 | 5,70,441 | 1,12,250 | 4,58,191 | 19.67 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 201 | 132 | 69 | 6,91,00,484 | 4,09,61,575 | 59.27 |

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2017 ഏപ്രിൽ 5 മുതൽ വിവിധ തീയതികളിൽ ചേരുകയുണ്ടായി. 2017-18 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി യോഗം 18.02.2017 തീയതിയിലും വർക്കിംഗ് ഗ്രൂപ്പുകൾ 04.03.17 തീയതിയിലും വികസന സെമിനാർ 22.05.17ലും ചേർന്നു. ഊരുകൂട്ടം 10.11.17 തീയതിയിലും ഭിന്നശേഷിക്കാർക്കായി സ്പെഷ്യൽ ഗ്രാമസഭ 06.05.17 തീയതിയിലും ചേർന്നിട്ടുണ്ട്. ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ മിക്ക വാർഡുകളിലേയും ഗ്രാമസഭകളിൽ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നതായി കാണുന്നു.

ജില്ലാ ആസൂത്രണസമിതിയുടെ 22.3.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം 2017-18ലെ അന്തിമ വാർഷികപദ്ധതിക്ക് അംഗീകാരം ലഭിച്ചു. അംഗീകാരം കിട്ടിയതിൽ സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പെടെ 201 പ്രോജക്റ്റുകൾക്കുവേണ്ടിയാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 6,91,00,484 രൂപ വകയിരുത്തിയതിൽ 4,09,61,575 രൂപയാണ് തൻവർഷം ചെലവഴിച്ചിരിക്കുന്നത്.(59.27 ശതമാനം) 2017-18 വർഷം വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിവരം, ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 36,19,600 | 29,60,332 | 81.78 |
| വെറ്ററിനറി സർജൻ | 3 | 3 | 14,86,500 | 8,61,669 | 57.96 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 39,78,845 | 32,36,145 | 81.33 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 1 | 1 | 4,50,000 | 4,50,000 | 100 |
| മെഡിക്കൽഓഫീസർ-ഹോമിയോ | 1 | 1 | 2,00,000 | 2,00,000 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 3 | 3 | 55,26,163 | 36,70,000 | 66.41 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 36,00,000 | 34,93,500 | 97.04 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 11 | 66,11,359 | 42,94,277 | 64.95 |
| അസിസ്റ്റന്റ് എൻജിനീയർ | 157 | 95 | 4,28,93,267 | 2,10,60,902 | 49.10 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 7,34,750 | 7,34,750 | 100 |
| ആകെ | 201 | 132 | 6,91,00,484 | 4,09,61,575 | 59.27 |

നിർവ്വഹണോദ്യോഗസ്ഥരിൽ കൂടുതൽ പ്രോജക്ടുകൾ നടപ്പിലാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേത് മിക്കവയും റോഡ് പ്രവൃത്തികളായിരുന്നു. വകയിരുത്തിയതിൽ 49% തുക മാത്രമേ എ.ഇ. ചെലവഴിച്ചിട്ടുള്ളൂ. വി.ഇ.ഒ., വെറ്ററിനറി സർജൻ, സെക്രട്ടറി എന്നിവരുടേയും പദ്ധതി ചെലവ് ശതമാനം കുറവാണ്. റ്റി.എസ്.പി ഫണ്ട് 28% തുക മാത്രമാണ് ചെലവഴിക്കാനായത്. അങ്കണവാടി കെട്ടിടനിർമ്മാണം, മെയിന്റനൻസ് എന്നിവയ്ക്കായി വിവിധ പദ്ധതികൾ പ്രകാരം തുക വകയിരുത്തിയെങ്കിലും മിക്കവയും നടപ്പിലാക്കുവാൻ സാധിച്ചില്ല. കാർഷിക മേഖലയിൽ സമഗ്ര പച്ചക്കറി വികസനം, നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി തുടങ്ങിയ സ്ഥിരം പ്രോജക്ടുകൾ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത്. മെഡിക്കൽ ഓഫീസർ "പാലിയേറ്റീവ് കെയർ" പദ്ധതി മാത്രമേ നടപ്പിലാക്കിയുള്ളൂ. ഗ്രാമപഞ്ചായത്തിന് കീഴിൽ 3 സ്കൂളുകൾ ഉണ്ടായിട്ടും എച്ച്.എം. പദ്ധതികളൊന്നും നടപ്പിലാക്കിയില്ല. വിദ്യാഭ്യാസ മേഖലയിലെ എസ്.എസ്.എ വിഹിതം നൽകൽ പ്രോജക്ട് സെക്രട്ടറിയാണ് നടപ്പിലാക്കിയത്. ലൈഫ് പദ്ധതിയിൽ കരാർ വെച്ച എല്ലാ ഗുണഭോക്താക്കളും വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

ലഭ്യമായ ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി ആവശ്യാധിഷ്ഠിതമായി രൂപീകരിക്കുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കൃത്യമായി യോഗം ചേർന്ന് കണക്കുകൾ പരിശോധിക്കുകയും ബഡ്ജറ്റുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. മിനിട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളും പ്രോജക്ട് അവലോകനവും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മിന്ട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

വിവിധ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ പ്രതിമാസ യോഗങ്ങളിൽ വന്നിട്ടുള്ളതും അനർഹരെ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മിനിട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

പ്രവർത്തനം തൃപ്തികരമാണ്. പ്രതിമാസ യോഗങ്ങൾ ചേർന്ന് ചുമതലകൾ നിർവ്വഹിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മിനിട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2017-18 വർഷം 15 വാർഡുകളിലേയും ഗ്രാമസഭകൾ ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 174 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 88 പ്രോജക്ടുകളിൽ 75 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 24419 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 979 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു. മരം വെച്ചുപിടിപ്പിക്കൽ, വാച്ചാലുകൾ, തോടുകൾ ആഴംകൂട്ടൽ തുടങ്ങി പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ടുള്ള പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. 2017-18 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.പ്രസ്തുത കണക്കുകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 48,578.5 | 5,63,006 | 6,11,584.5 | 5,41,941 | 69,643.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 63,87,713 | 63,87,713 | 63,87,713 | 0 |
| ആകെ | 48,578.5 | 69,50,719 | 69,99,297.5 | 69,29,654 | 69,643.5 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 112 | 53,760 |
| കർഷകതൊഴിലാളി പെൻഷൻ | 399 | 48,56,700 |
| വിധവാപെൻഷൻ | 511 | 62,92,200 |
| വാർദ്ധക്യകാലപെൻഷൻ | 1386 | 1,92,44,700 |
| വികലാംഗപെൻഷൻ | 211 | 23,04,600 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 48 | 5,71,900 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 8 | 2,40,000 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2019 തീയതിയിൽ 03:00 പി.എം.ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 56,921/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും

ഭരണക്രമം സുഗമമാക്കുന്നതിനായി വിവിധ തസ്തികകളിലെ ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവിലൂടെ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതിയ്ക്ക് സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു. എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് വരുന്നു. കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ

പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്.

ക്യാഷ്, ബാങ്ക് നിയന്ത്രണം

ഇഷ്യൂ ചെയ്ത കാലഹരണപ്പെട്ട ചെക്കുകളുടെ മൂല്യം ക്രമീകരിച്ചിട്ടില്ല.

നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

വസ്തുനികുതിയിൽ മുൻവർഷങ്ങളിലേതുൾപ്പെടെ 14 ലക്ഷം രൂപ പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ട്. തൊഴിൽനികുതി,ലൈസൻസ് ഫീസ് എന്നിവ ഭൂരിഭാഗവും പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. സ്റ്റാൾ ലേലത്തിൽപിടിച്ച വ്യക്തി കുടിശ്ശിക വരുത്തിയ 2,62,400 രൂപ നാളിതുവരെ ഈടാക്കുവാൻ സാധിച്ചിട്ടില്ല.

പ്രവൃത്തികളുടെയും സ്റ്റോക്കിന്റെയും നിയന്ത്രണം

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010), കേരള സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സാധനങ്ങളും സേവനങ്ങളും സമാഹരിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റി കൃത്യമായി ചേർന്ന് വാങ്ങൽ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നില്ല.

പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്.

ആസ്തി നിയന്ത്രണം ഫലപ്രദമല്ല

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ മുഖാന്തിരം രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./<br>റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2019, 15.02.2019 | 01/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.03.14 മുതൽ<br>25.04.14 വരെ | 2008-09 മുതൽ<br>2012-13 വരെ | LBA(HQ)II 8A-2144/84<br>Dated- 03.06.2014 |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ ഓഡിറ്റ് സമയത്തും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ സഹകരണ ബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ടിലും ട്രഷറി ടി.എസ്.ബി.അക്കൗണ്ടിലും കാലഹരണപ്പെട്ട നിരവധി തുകകൾ എൻകാഷ് ചെയ്യാത്തതായി റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുകകൾ liability in respect of stale cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തികൾ യഥാവിധി മൂല്യനിർണ്ണയം നടത്തി ചേർത്തിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാനായില്ല.
3. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാതെ വിവിധ ഡെപ്പോസിറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
4. ബി18 ഷെഡ്യൂളിൽ 460100103 കോഡിൽ Temporary advance for official purposes എന്ന

ശീർഷകത്തിൽ 96,864 രൂപ ആസ്തിയായി ചേർത്തിരിക്കുന്നു. തനതുഫണ്ടിൽ നിന്ന് NREGAയ്ക്ക് മുൻവർഷങ്ങളിൽ നൽകിയ തുകകൾ റീക്ലപ്പ് ചെയ്യാതെ നീക്കിബാക്കിയായി ചേർത്തിരിക്കുന്നു.

5. RP4, RP5 ഇനങ്ങളിൽ ബുക്ക് ചെയ്തിരിക്കുന്ന തുകകളുടെ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
6. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കെട്ടിടനികുതിയിനത്തിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.
7. ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല.
8. സാംഖ്യ വെബ് എ.സി.ആർ.പ്രകാരമുള്ള വികസനഫണ്ട് ചെലവുകൾ വാർഷികകണക്കുകളുമായി (RP7) പൊരുത്തപ്പെടുന്നില്ല
9. RP47 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയ്ക്കായി തൻവർഷം തനതുഫണ്ടിൽ നിന്ന് 2,69,500 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.ടി തുക ബി18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.
10. ബി15 ഷെഡ്യൂളിൽ വാടക, മാർക്കറ്റ് വരവുകൾ എന്നീ ഇനങ്ങളിൽ കിട്ടാനുള്ള തുകയായി ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല. ടി ഇനങ്ങളുടെ ഡി.സി.ബി.നിർണ്ണയിച്ചിട്ടില്ല.
11. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
12. തൊഴിലുറപ്പ് പദ്ധതിയുടെ വാർഷികകണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
13. ബാലൻസ് ഷീറ്റിൽ state Govt. Cesses/levies in property tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക ആകെ വസ്തുനികുതി കുടിശ്ശികയുടെ 5% അല്ല രേഖപ്പെടുത്തിയിട്ടുള്ളത്.
14. വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക, തൻവർഷം ലഭിച്ച വായ്പ എന്നീ തുകകൾ ലോൺ രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

എ) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതിഈടാക്കിയിട്ടില്ലന്ന് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമായി.

| ക്രമ നം. | സ്ഥാപനം | വർഷം |
|---|---|---|
| 1 | പുഴയോരം റസ്റ്റോറന്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | മേരി റാണി പോപ്പുലർ ഫിനാൻസ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 3 | ഇൻഡ്യൻ ഓയിൽ ഡീലേഴ്സ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | സെന്റ് ജോസഫ് റബ്ബർ | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | വടയാർ കയർ സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 6 | ഹോട്ടൽ ഗോൾഡൻ പാർക്ക് | 2015-16, 2016-17, ഒന്നും രണ്ടും അർദ്ധവർഷം |
| 7 | ബിവറേജസ് കോർപ്പറേഷൻ | രണ്ടാം അർദ്ധവർഷം |
| 8 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | ഓറഞ്ച് ഹൈപ്പർ മാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 10 | ഐ സി എം കമ്പ്യൂട്ടേഴ്സ് | ഒന്നാം അർദ്ധവർഷം |

മേൽ പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.9)മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-2 കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകുന്നു

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ്

പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്ക് പുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ വിവരം | വിസ്തീർണ്ണം(ച.മീ.) |
|---|---|---|---|
| 1 | VI/213A | അഡ്മിനിസ്ട്രേറ്റർ, മേഴ്സി ഹോസ്പിറ്റൽ | 39 |
| 2 | VI/450A | അഡ്മിനിസ്ട്രേറ്റർ, മേഴ്സി ഹോസ്പിറ്റൽ | 35 |
| 3 | VI/450B | അഡ്മിനിസ്ട്രേറ്റർ, മേഴ്സി ഹോസ്പിറ്റൽ | 24 |
| 4 | VIII/139A | പ്രിൻസിപ്പാൾ, ഫീമെയിൽ ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് ഹാൾ | 165 |
| 5 | IX/248 | സബ്ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ. | 155 |
| 6 | XII/20 | സെക്രട്ടറി, കാർഷിക ബാങ്ക് | 70 |

മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1)വസ്തുനികുതി ചുമത്തി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ആയതിനാൽ പരാമർശിത കെട്ടിടങ്ങൾക്ക് ബാധകമായ നികുതി ഡിമാന്റ് ചെയ്യേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവറിന് കുറഞ്ഞ മേൽക്കൂരയ്ക്കുള്ള നികുതി ഇളവ് നൽകി

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഭാരതി എയർടെൽ ലിമിറ്റഡ് കമ്പനിയുടെ മൊബൈൽ ടവറിന്റെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് (10%) നൽകിയതുമൂലം നികുതി ഇനത്തിൽ എല്ലാ വർഷവും 600 രൂപ ആവർത്തന നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി (ച.മീ.500 രൂപ നിരക്കിൽ) | മേൽക്കൂരയുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവ്(10%) | നിർണ്ണയിച്ച അടിസ്ഥാന നികുതി(മറ്റ് ഇളവുകളും വർദ്ധനവും ഉൾപ്പെടെ) |
|---|---|---|---|---|
| V/107A | 12 ച.മീ | 12X500=6000 | 600 | 6,000 |

ഇപ്രകാരം മൊബൈൽ ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.2) മേൽക്കൂരയുടെ തരം രേഖപ്പെടുത്തിയപ്പോൾ കടന്നുകൂടിയ പിശകാണെന്നും ആയത് തിരുത്തി കുടിശ്ശി സഹിതമുള്ള നികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം.36/2015 /തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |

| | | |
|---|---|---|
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 140 | 150 |

എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിലെ നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്ക്രീനിൽ മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.3) പ്രസ്തുത നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ലായെന്നും ആയത് താമസംവിനാ ചെയ്യുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത നികുതി നിരക്കുകൾ ഭരണസമിതി അംഗീകരിച്ച് വിജ്ഞാപനം ചെയ്യേണ്ടതും നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് വാടക- മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകുമ്പോൾ വാടക, നിക്ഷേപം, പിഴപലിശ, കാലാവധി മറ്റ് അനുബന്ധവ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി കരാർ എഴുതി ചേർക്കാതെ മുദ്രപേപ്പറുകൾ ശൂന്യമായി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഇതുമൂലം കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ കരാർ ചമയ്ക്കാത്തതുമൂലം കക്ഷികൾക്കെതിരെ എന്തെങ്കിലും നടപടികൾ ആവശ്യമായി വരുന്നപക്ഷം പഞ്ചായത്തിന് അത് സാധിക്കാതെ വരുന്നതാണ്. ആയതിനാൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ലേലകുടിശ്ശിക നാളിതുവരെ അടവാക്കിയിട്ടില്ല

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറെ മീറ്റ് സ്റ്റാൾ & അറവുശാല 2017-18 വർഷം ശ്രീ.ജോസഫ് ചെരുവിൽ എന്ന വ്യക്തി 4,38,000 രൂപയ്ക്ക് ലേലത്തിലെടുത്തിരുന്നു. എന്നാൽ ടിയാൾ 1,75,600 രൂപ മാത്രമേ ലേലതുകയായി അടവാക്കിയിട്ടുള്ളൂ. കുടിശ്ശിക തുകയായ 2,62,400 രൂപ നാളിതുവരെ ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.6)കുടിശ്ശിക വരുത്തിയയാൾക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും തുക പൂർണ്ണമായും ഒടുക്കിയില്ലായെന്നും തുക ഈടാക്കുന്നതിനായി ടിയാനെതിരെ ജപ്തി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശികതുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 വാടക-കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

2016-17 വർഷം വടയാർ ഷോപ്പിംഗ് കോപ്ലക്സിലെ 10/164 നമ്പർ കടമുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീ.പ്രദീപ്കുമാർ, കീഴ്പ്പാടത്ത് എന്ന വ്യക്തി 12,661 രൂപ (2016 മെയ് മുതൽ 2017 മാർച്ച് വരെ)വാടക കുടിശ്ശിക വരുത്തിയിരുന്നു. തുടർന്ന് 2017-18 വർഷം ടിയാൾക്ക് കടമുറി വാടകയ്ക്ക് നൽകുന്നതിൽ നിന്നും ഒഴിവാക്കുകയും വാടക മുഴുവൻ അടവാക്കാതെയും വാടക പുതുക്കാതെയും വീഴ്ചവരുത്തിയതിനാൽ ടിയാൾക്കെതിരെ ജപ്തി,പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് 13.12.2017 ലെ ജനറൽ കമ്മിറ്റിയുടെ അജണ്ട 16 തീരുമാനം 1 പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.7) 2018-19 വർഷത്തിൽ ടി കടമുറി ലേലം ചെയ്ത് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി

മറുപടി ലഭ്യമാക്കി. കുടിശ്ശികയുള്ള വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 ഡി &ഒ ലൈസൻസ് നൽകിയിട്ടില്ല

2017-18 വർഷം ഡി & ഒ ലൈസൻസിന് അപേക്ഷ നൽകിയ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ലെന്ന് രജിസ്റ്റർ പരിശോധനയിൽ വ്യക്തമായി.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | പലചരക്കുകടകൾ |
| 2 | ടെയ്‌ലറിംഗ് സെന്ററുകൾ |
| 3 | സെന്റ് മേരീസ് ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് |
| 4 | അക്ഷയ് ട്രേഡിംഗ് കമ്പനി-ഇലക്ട്രിക്കൽ ഷോപ്പ് |
| 5 | ടി എം സ്റ്റോഴ്സ് -പലചരക്ക് വ്യാപാരം |
| 6 | ടെയ്‌ലറിംഗ്, ഷോപ്പ് |
| 7 | ശിവശക്തി എന്റർപ്രൈസ്-ഇലക്ട്രിക്കൽ ഷോപ്പ് |
| 8 | അമ്മൂസ് ടെയ്‌ലറിംഗ് സെന്റർ |
| 9 | രാസവള കീടനാസിനി വിൽപ്പനകട |
| 10 | മാരുതി കാർ സെയിൽസ് |
| 11 | ബേക്കേഴ്സ് ഹീൽ &ബൂട്ടസ് |
| 12 | ഷൈൻസ്റ്റാൾ-വസ്ത്രവ്യാപാരം |
| 13 | ബ്യൂട്ടി പാർലർ |
| 14 | ചിക്കൻ സെന്റർ |
| 15 | ഡ്രൈ ക്ലീനിംഗ് സെന്റർ |
| 16 | പലചരക്ക് സ്ഥാപനങ്ങൾ |

പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (എൻക്വയറി നം.9/26.3.19) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. നിലവിൽ പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷിച്ച് കണ്ടെത്തേണ്ടതും പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് കണ്ടെത്തുന്നപക്ഷം ചട്ട ലംഘനത്തിന് ടി സ്ഥാപനങ്ങൾക്കെതിരെ 255-ാം വകുപ്പ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-9 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ്

ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/പേര് | ടെൻഡർ ഫീസ് നിരക്ക് +ജി.എസ്.ടി | ആകെ ഫീസ് |
|---|---|---|---|
| 1 | 94/18, ഡി.ബി കോളേജ് പുണ്ടരീകപുരം റോഡ് റീടാറിംഗ് | 1000+120 | 1,120 |
| 2 | 136/18, തലപ്പാറ കുമരക്കോട്ട് റോഡ് ടാറിംഗ് | 1200+144 | 1,344 |
| 3 | 107/18, പൊതി തൃക്കാരായിക്കുളം റോഡ് റീടാറിംഗ് | 1200+144 | 1,344 |
| 4 | 133/18, എട്ടടി -ഉരുത്തി മാപ്പിളാപ്പറമ്പ് റോഡ് ടാറിംഗ് | 1300+156 | 1,456 |
| 5 | 190/18, അങ്കണവാടി 124, പൊതി കെട്ടിട നിർമ്മാണം | 1900+228 | 2,128 |
| | ആകെ | | 7,392 |

ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേയ്ക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തി-ഫൈൻ ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിൽ കാണപ്പെട്ടു. ഇപ്രകാരമുള്ള സംഗതികളിൽ മുൻകൂട്ടികാണാൻ കഴിയാത്ത സാഹചര്യങ്ങളിൽ പിഴയില്ലാതെ പൂർത്തീകരണകാലാവധി 20% വരെ നീട്ടിനല്കാവുന്നതാണ്. ഇതിന് ശേഷം ദീർഘിപ്പിക്കേണ്ടുന്നപക്ഷം ആദ്യ 3 മാസത്തിന് കരാർ തുകയുടെ 1%വും പിന്നീടുള്ള ഓരോ മാസത്തിനും 2% വീതവും പിഴ ഈടാക്കേണ്ടതാണ്. (കരാർ നിബന്ധന നം.7)

താഴെ പറയുന്ന സംഗതികളിൽ പിഴ ഈടാക്കിയത് കുറവാണ്.

| പ്രോജക്ട് | കരാറുകാരൻ | കരാർ നമ്പർ തീയതി/തുക | കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | കുറവ് |
|---|---|---|---|---|---|---|---|
| 28/18, തിരുപുരം കോലത്താർ റോഡ് റീ ടാറിംഗ് | അശോകൻ റ്റി.എസ്. | 9/എ.ഇ/എൽ.എസ്. ജി.ഡി/റ്റി.എൽ.പി /16-17/9.1.17 1,61,558/- | 25.3.17 | 20.3.18 (കാലാവധി നീട്ടുന്നതിന് അപേക്ഷ ഇല്ല.) | ആദ്യ 3 മാസം (8.4.17 വരെ കരാർ തുകയുടെ 1% = 1616 അടുത്ത 3 മാസം(5,6,7/17) 2% = 3231 8/17-3231 9/17-3231 10/17-3231 11/17-3231 12/17-3231 1/18-3231 2/18-3231 | 0 | 27,464 |
| ആകെ | | | | | 27,464 | | |

പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 10) മറുപടി ലഭ്യമായില്ല. പിഴയിനത്തിൽ കുറവ് വന്ന 27,464 രൂപ കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. 2012ലെ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112-1 പ്രകാരം കരാറുകാരന്റെ പിഴ മൂലം പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുമ്പോൾ പരമാവധി ദീർഘിപ്പിച്ച് നൽകാവുന്ന സമയം യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ 50% മാത്രമാണ്. പി.എ.സി.യുടെ 1%വും രണ്ടാം തവണ പി.എ.സി.യുടെ 2%വും പിഴ ഈടാക്കേണ്ടതാണ്. ഈ രീതിയിൽ കരാർ വ്യവസ്ഥയും തുടർവർഷങ്ങളിൽ പുതുക്കേണ്ടതാണ്.

## 3-2 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകത

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി (121/18)-വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

അടങ്കൽ തുക-15,00,000

ചെലവ് തുക- 13,00,000

| ബിൽ നം. | തീയതി | തുക |
|---|---|---|
| 16/17-18 | 12.01.18 | 50,000 |
| 46/17-18 | 28.03.18 | 50,000 |

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായി 14 ഗുണഭോക്താക്കൾക്കായി 13,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 12 ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ശ്രീമതി അനിതമോഹൻ, കാലായിൽ, തലയോലപ്പറമ്പ് എന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/26.03.19) വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വിവിധ വാർഡുകളിൽ എൽ റ്റി സിംഗിൾ ഫെയ്സ് ലൈൻ നീട്ടൽ - കെ.എസ്.ഇ.ബി. യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല, പണി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2017-18 വർഷം 18-ാം നമ്പർ പ്രോജക്ടായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 5,00,000/- രൂപ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കെ.എസ്.ഇ.ബി. യുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നല്കിയതെന്ന് കാണുന്നു. നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ഇപ്രകാരമുള്ള പദ്ധതികൾ നിർവ്വഹണം നടത്തുമ്പോൾ പൂർത്തീകരണ കാലാവധി ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് കരാറിൽ ഏർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വിനിയോഗവിവരം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | ബിൽ നം. |
|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ എൽ.ടി.സിംഗിൾഫേസ് ലൈൻ നീട്ടൽ(181/18) | 5,00,000/- | 17/17-18/ 17.01.2018 |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ(10/18) | 10,25,000/- | 12,15/17-18/ 12.01.2018 |
| ആകെ | | 15,25,000/- | |

പ്രവൃത്തികൾ പൂർത്തിയാക്കുവാൻ ആവശ്യമായ ഇടപെടൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായുള്ള 15,25,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 കന്നുകുട്ടിപരിപാലനം(വനിത)-വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലനം (വനിത)പദ്ധതിയ്ക്കായി(പ്രോജക്ട് നം.102/18) ഒരു ഗുണഭോക്താവിന് 12,500 രൂപ നിരക്കിൽ 49 ഗുണഭോക്താക്കൾക്കുള്ള 6,12,500 രൂപ (ബിൽ നം.JN03/17-18/25.11.17, JN04/17-18/25.11.17) വികസനഫണ്ടിൽനിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണകാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃസമിതി നിർവ്വഹിച്ച പ്രോജക്ടുകൾ-മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് സർക്കുലർ നം.1/1559/ 2010/സി.ഇ/തസ്വഭവ തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 78/18 | കുമരംകോട്ട് പാലേത്ത് നടപ്പാത നിർമ്മാണം |
| 2 | 18/18 | തലയോലപ്പറമ്പ് എൽ.പി സ്കൂൾ മെയിന്റനൻസ് |
| 3 | 200/18 | തലയോലപ്പറമ്പ് കോലത്താർ റോഡ് റീ ടാറിംഗ് |

1. ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾക്ക് വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ, നിയോഗിച്ച തൊഴിലാളികളുടെ വേതനം, വിതരണ രേഖകൾ, മസ്റ്റർ റോൾ എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി അംഗീകരിക്കേണ്ടതാണ്. സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃസമിതി വരവു ചെലവുകണക്കുകൾ തയ്യാറാക്കി പാസാക്കിയിട്ടില്ല.
3. ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി-തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

2017-18 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതി പ്രകാരം 118/18(എസ്.സി), 177/18(ജനറൽ) എന്നീ പ്രോജക്ടുകൾ പ്രകാരം യഥാക്രമം ബിൽ നം.1/17-18 തീയതി-17.07.17,2/ 17-18 തീയതി-29.07.17എന്നിവ പ്രകാരം 6,00,000/- രൂപ വീതം പിൻവലിച്ച് ആകെ 12,00,000/- രൂപ തലയോലപ്പറമ്പ് കേരളാ ഗ്രാമീൺ ബാങ്ക് ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ടിൽ (A/C No.40541101003730) നിക്ഷേപിച്ചിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ ചെലവഴിച്ചിട്ടില്ല. നിലവിൽ (01.02.2019) 39,78,972/- രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു. അവശതയനുഭവിക്കുന്നവരും ആലംബഹീനരുമായ ജനതയ്ക്ക് അടിസ്ഥാന ജീവിത സൗകര്യമൊരുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിമയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 28.10.17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| | 16.01.18 | 1,50,000 | സാന്ത്വന പരിചരണ പദ്ധതി | 1,50,000 | 0 |
| | 19.01.18 | 34,750 | പാൽ ഇൻസെന്റീവ് | 34,750 | 0 |
| | 15.02.18 | 5,00,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 5,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ എൽ.ടി.സിംഗിൾഫേസ് ലൈൻ നീട്ടൽ(181/18) | 5,00,000/- | 17.01.2018 | ഇല്ല | 5,00,000/- |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ(10/18) | 10,25,000/- | 12.01.2018 | ഇല്ല | 10,25,000/- |
| ആകെ | | 15,25,000/- | | - | 15,25,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും രജിസ്റ്റർ പ്രകാരമുള്ള വിശദവിവരം താഴെ കൊടുക്കുന്നു. പ്രസ്തുത കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജിഒ (എംഎസ്)725/10 ത.സ്വ.ഭ.വ/04.03.10 | 50,000 | 17,58,883 | 4,00,000 | -- | 14,08,883 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, വർഷം | പ്രാരംഭബാക്കി | 17-18 പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി. FD No.09226 | 7,50,000 26.11.12 | 10,46,794 | 96,828 | 11,43,622 |

| | | | | | |
|---|---|---|---|---|---|
| 2 | ഫാർമേഴ്സ് ബാങ്ക്, തലയോലപ്പറമ്പ് FD No.85025 | 7,50,000 28.11.12 | 10,25,669 | 94,874 | 11,20,543 |
| | ആകെ | 15,00,000 | 20,72,463 | 1,91,702 | 22,64,165 |

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,72,463 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 1,91,702 |
| ആകെ | 22,64,165 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22,64,165 |

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വർഷത്തിലെ ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2001-02 | 1-1 | 1,236/- | ശ്രീ.ടി.ജി.കനകാംബരൻ | 117050103944/ 24.10.17 |
| 1999-00 | 33 | 15,608/- | ശ്രീ.വിപിനകുമാരൻ | 117050104947/ 10.01.18 |
| ആകെ | | 16,844/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3(a) | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | - |
| 2002-03 | ചെലവ് ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | - |
| 1999-00 | 25ബി 33 | 2003-04 | പേജ് 63 | 1.എർത്ത്ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554<br>2.കർഷകർക്ക് വളം വിതരണം അധിക സബ്സിഡി-15,608 | - |
| | | 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | - | - |

| | | | | | |
|---|---|---|---|---|---|
| | | | ഖ 5-1<br>പേജ് 57, 65, 76 | | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 7,97,07,713.05 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,14,07,628 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,25,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ശ്രീ.ആർ.രമേഷ് ബാബു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 1525000 | ശ്രീ.സുനിൽ എസ്., സെക്രട്ടറി |
| ആകെ | **1625000** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09 |
| 1999-00 ചെലവ് | എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15 |
| 1998-99 വരവ് | എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09 |

| | |
|---|---|
| 1999-00 വരവ് | എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09 |
| പ്ലാൻ 2000-01, 01-02 | എൽ.എഫ്.കെ.പി5/569/അദാ/14/7.1.15 |
| 2000-01 വരവ് | എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09 |
| 2001-02 | എൽ.എഫ്.കെ.പി5/1082/08/30.03.10 |
| 2003-04 | എൽ.എഫ്.കെ.പി5/1084/08/19.09.09/26.3.10 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(3)/2018/16.02.18/14.03.18 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018/16.02.18/14.03.18 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(5)/2018/16.02.18/14.03.18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(2)/2018/16.02.18/14.03.18 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(6)/2018/16.02.18/14.03.18 |
| 2009-10 | എൽ.എഫ്.കെ.പി9/872/11/8.11.12 |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി9/920/13/28.01.14/3.2.14 |
| 2012-13 | എൽ.എഫ്.കെ.പി9/585/14/21.4.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/163/16/21.03.16/23.03.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി9/967/16/12.7.16/21.07.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി8/1437/17/06.12.17 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി8/1335/17/19.01.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി**8-320/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**20.04.2019**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം